# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.165/PR/PIC/PHQ/14 Date : 08.07.2014

## ഇന്റലിജൻസ് വിഭാഗത്തിന് വിവരങ്ങൾ കൈമാറാൻ എസ്.എം.എസ് സംവിധാനം

സംസ്ഥാന പോലീസ് ഇന്റലിജൻസ് വിഭാഗം പൊതുജനങ്ങൾക്ക് രഹസ്യമായി വിവരങ്ങൾ കൈമാറുന്നതിനായി ഇന്റ് അലർട്ട് (INT ALERT) എന്ന പേരിൽ ഒരു എസ്.എം.എസ് സെന്റർ ആരംഭിച്ചു. ഇന്റ് അലർട്ട് നംപർ **9497 99 99 00.** രാജ്യത്തിന്റെ ആഭ്യന്തരസുരക്ഷയെ ബാധിക്കുന്ന തീവ്രവാദം, മാവോയിസം എന്നിവയ്ക്ക് പുറമെ നാടിന്റെ സൈ്വരജീവിതത്തിന് ഭീഷണിയാവുന്ന സംഘടിത കുറ്റകൃത്യങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവരങ്ങളും ഇന്റ് അലർട്ട് വഴി കൈമാറാം. എസ്.എം.എസ് അയക്കുന്നവരുടെ വിവരങ്ങൾ പൂർണ്ണമായും രഹസ്യമായി സൂക്ഷിക്കും. സംസ്ഥാന പോലീസ് ഇന്റലിജൻസ് വിഭാഗത്തിലെ ഉന്നത ഉദ്യോഗസ്ഥർ നേരിട്ട് എസ്.എം.എസ് പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് ഇന്റലിജൻസ് എ.ഡി.ജി.പി അറിയിച്ചു.

**********